2. ചട്ടം 236(5) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച് വിഷയ നിർണ്ണയ സമിതി VII-ന്റെ 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 58-ാം നമ്പർ ഖണ്ഡികയിലെ ശുപാർശയിന്മേലും ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XI-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 14, 15 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലും നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന സ്റ്റേറ്റ്മെന്റുകൾ.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

സാമൂഹ്യസേവനം സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XIII-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 58-ാം നമ്പർ ഖണ്ഡികയിലെ ശുപാർശയിന്മേലും 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 46, 62 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലും നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണ മടങ്ങുന്ന സ്റ്റേറ്റ്മെന്റുകൾ.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XII-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 1, 2, 3, 4, 5, 13, 18, 28, 29, 30, 31, 32 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന സ്റ്റേറ്റ്മെന്റ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly